Deepika

23 August 2018

After flood, Precautions



ജപ്തി നടപടികൾക്ക് മൊറട്ടോറിയം വേണം: സർഫാസിവിരുദ്ധ സമരസമിതി

കൊച്ചി: പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ സാധാരണ ജനങ്ങൾക്കുനേരെയുള്ള ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തീരുമാനമെടുക്കണമെന്ന് സർഫാസി വിരുദ്ധ സമരസമിതി.

വീട്, വ്യവസായം, വ്യാപാരം, കൃഷി, റോഡ് തുടങ്ങിയവ പുനക്രമീകരിക്കാൻ ദീർഘകാലം വേണ്ടിവരും. അതിനാൽ കുറഞ്ഞതു മൂന്നു വർഷമെങ്കിലും ജപ്തി നടപടികൾക്കു സാവകാശം നൽകണമെന്നും സമരസമിതി ആവശ്യപ്പെട്ടു.

പ്രീതാ ഷാജിയുടെ കിടപ്പാടം ജപ്തി ചെയ്യുന്നതിനെതിരേ സമരസമിതി പ്രഖ്യാപിച്ച പട്ടിണി ജാഥയും സെപ്റ്റംബർ മൂന്നിന് സംഘടിപ്പിക്കാനിരുന്ന ബാങ്ക് ഉപരോധവും നീട്ടിവയ്ക്കാൻ തീരുമാനിച്ചതായും ഭാരവാഹികൾ പത്രക്കുറിപ്പിൽ അറിയിച്ചു.

കീച്ചേരി തിരുക്കുടുംബ ഇടവക സഹായം കൈമാറി

ആമ്പല്ലൂർ: ദുരിതമുഖത്തേക്ക് ഇടവക സമൂഹത്തിന്റെ കൈത്താങ്ങ്. കീച്ചേരി തിരുക്കുടുംബ ദേവാലയമാണ് അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സഹൃദയ വഴിയായി സഹായം കൈമാറുന്നത്.

ഇടവകജനങ്ങൾ സമാഹരിച്ച തുണിത്തരങ്ങൾ, മരുന്നുകൾ, ശുചീകരണ സാമഗ്രികൾ, ഭക്ഷണ സാധനങ്ങൾ എന്നിവ പൊന്നുരുന്നിയിലുള്ള സഹൃദയയിലേക്ക് കയറ്റിയയച്ചു. പള്ളിയിൽ ദുരിതാശ്വാസക്യാമ്പും പ്രവർത്തിക്കുന്നുണ്ട്. ക്യാമ്പുകൾ ആരംഭിച്ചപ്പോൾ തന്നെ പള്ളിയും അനുബന്ധ സൗകര്യങ്ങളും വിട്ടുനൽകാൻ തയാറാണെന്ന് വികാരിയച്ചൻ അധികൃതരെ അറിയിച്ചിരുന്നു. ഇപ്പോൾ 45 ദിവസം പ്രായമായ കുഞ്ഞുൾപ്പടെ 50 ഓളം പേർ പള്ളിയിലെ ക്യാമ്പിലുണ്ട്. ഇടവക വികാരിയും ട്രസ്റ്റിമാരും ചേർന്ന് സഹായം കൈമാറി.

വെള്ളപ്പൊക്കത്തിനിടെ മോഷണവും

പറവൂർ: വെള്ളപ്പൊക്കം ഉണ്ടായ ദിവസങ്ങളിൽ മോഷണവും അരങ്ങേറി. പറവൂർ വടക്കേക്കര സഹകരണ ബാങ്ക് അങ്കണത്തിൽ ഓണത്തോടനുബന്ധിച്ച് ഒരു സ്വകാര്യ സ്ഥാപനം സൗരോർജ ലൈറ്റുകളും പാനലുകളും മറ്റും വച്ചിരുന്നത് ആരോ മോഷ്ടിച്ചുകൊണ്ടുപോയി. ബാങ്കിന്റെ പുറത്തുവച്ചിരുന്ന ചില വസ്തുക്കളും മോഷണം പോയിട്ടുണ്ട്. ഈ മേഖലയിൽ കടകളുടെ ഷട്ടറുകൾ കുത്തിപ്പൊളിച്ചും കവർച്ച നടത്തിയിട്ടുണ്ട്. വടക്കേക്കരയിലും വലിയ പല്ലംതുരുത്തിലും പറവൂരിലും മാർക്കറ്റുകളിലെ കടകളിൽ മോഷണശ്രമം നടന്നിട്ടുണ്ട്.

ഏഴിക്കര പള്ളിയാക്കൽ സർവീസ് സഹകരണ ബാങ്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൈവ പച്ചക്കറി സ്വാശ്രയ ഗ്രൂപ്പ് അംഗങ്ങളുടെ പച്ചക്കറി കൃഷിനടത്തുന്ന കൃഷിയിടങ്ങളിലും കവർച്ച നടന്നു. വാഴക്കുല, കപ്പ എന്നിവയാണ് മോഷണം പോയത്.

മാലിന്യം തള്ളാൻ ശ്രമിച്ച മൂന്നുപേർ പിടിയിൽ

തൃപ്പൂണിത്തുറ: ചാക്കുകളിൽ മാലിന്യം നിറച്ച് റോഡരുകിൽ നിക്ഷേപിക്കാൻ ശ്രമിക്കവേ വാഹനങ്ങൾ സഹിതം മൂന്ന് പേരെ തൃപ്പൂണിത്തുറ പോലീസ് അറസ്റ്റ് ചെയ്തു.

രാത്രികാല പട്രോളിംഗിനിടെയാണ് ബുധനാഴ്ച പുലർച്ചെ തൃപ്പൂണിത്തുറ ചിത്രപ്പുഴയ്ക്ക് സമീപം മാലിന്യം നിറച്ച ഓമ്നിവാനുമായി ഉദയംപേരൂർ സ്വദേശി മെൽബിറ്റ് (20), കോലഞ്ചേരി സ്വദേശി ജോസഫ് അലക്സാണ്ടർ(24) എന്നിവരെ അറസ്റ്റു ചെയ്തത്. കണ്ണൻ കുളങ്ങര ഭാഗത്ത് മാലിന്യം തള്ളുവാനായി വന്ന ടിപ്പർ ഡ്രൈവർ എറണാകുളം മീൻപാറ സ്വദേശി കെ.എസ്. സുധീഷും(28) അറസ്റ്റിലായത്. തൃപ്പൂണിത്തുറ സിഐ ഉത്തംദാസിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് ഇവരെ അറസ്റ്റു ചെയ്തത്.

തൃപ്പൂണിത്തുറ നഗരസഭയിലെ ചില വൻകിട കച്ചവടസ്ഥാപനങ്ങളിലെ പച്ചക്കറികളുടെയും ഭക്ഷണാവശിഷ്ടങ്ങളുടെയും മറ്റും മാലിന്യങ്ങളാണ് പൊതുസ്ഥലങ്ങളിലും റോഡരികിലും രാത്രികാലങ്ങളിൽ നിക്ഷേപിക്കുന്നത്. മാലിന്യം പൊതുനിരത്തിൽ തള്ളാനായി വാഹനങ്ങളിൽ കൊടുത്തുവിടുന്ന സ്ഥാപനമുടമകൾക്കെതിരേയും കേസെടുക്കുമെന്ന് പോലീസ് അറിയിച്ചു.